No.10/2018/SRG/LSGD(14)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം
# 17.01.2019-ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് 2.30-ന് സെക്രട്ടേറിയറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

17.01.2019 വരെയുള്ള ആകെ പദ്ധതി ചെലവ് 57.26 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 59.98ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് കൊല്ലം ജില്ലയിലും (62.00 ശതമാനം) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (53.71 ശതമാനം). 182.61കോടി രൂപയുടെ 5588 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 61.99 % |
| ബ്ലോക്ക് പഞ്ചായത്ത് | 63.28 % |
| ജില്ലാ പഞ്ചായത്ത് | 52.88% |
| മുനിസിപ്പാലിറ്റി | 50.35 % |
| കോർപ്പറേഷൻ | 42.09 % |
| **ആകെ** | 57.26 **ശതമാനം** |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | | | | |
|---|---|---|---|---|---|
| 1 | കൊല്ലം | 62.00% | 8 | തിരുവനന്തപുരം | 56.06 % |
| 2 | കണ്ണൂർ | 60.75% | 9 | മലപ്പുറം | 56.02 % |
| 3 | പത്തനംതിട്ട | 60.56 % | 10 | കോട്ടയം | 55.79 % |
| 4 | വയനാട് | 60.51 % | 11 | കാസർഗോഡ് | 55.46 % |
| 5 | പാലക്കാട് | 60.49% | 12 | തൃശ്ശൂർ | 55.45 % |
| 6 | ഇടുക്കി | 56.85 % | 13 | കോഴിക്കോട് | 54.60 % |
| 7 | ആലപ്പുഴ | 56.27 % | 14 | എറണാകുളം | 53.71 % |

പൊതു വിഭാഗം, SCSP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

| ജനറൽ | SCSP | TSP |
|---|---|---|
| 63.76% | 51.77% | 49.47% |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 05.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 4.33**

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ കളക്ടറുടെ 01.09.2018-ലെ 58704/2018/DPC/KKD നമ്പർ കത്ത് പ്രകാരം താഴെപ്പറയുന്നവ കോഓർഡനേഷൻ കമ്മറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.**

**ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 13.08.2018, 21.08.2018 എന്നീ തീയതികളിലെ 63235/18-ാം നമ്പർ കത്തുകളും**

(i) കുട്ടികളിലെ പഠന പെരുമാറ്റ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ചികിത്സ നൽകുന്ന (പ്രോ.നം.135/19, സ്പന്ദനം അടങ്കൽ 70.00 ലക്ഷം രൂപ) പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2013-14 മുതൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന തുടർ പദ്ധതിയായതിനാൽ ഈവർഷത്തേക്ക് മാത്രമായി കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018-ലെ യോഗത്തിൽ അനുമതി നൽകിയിട്ടുണ്ട്.

കോഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് പ്രോജക്ടിന്റെ ഇതുവരെയുള്ള നടത്തിപ്പ് പരിശോധിച്ച് റിപ്പോർട്ട് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അവതരിപ്പിച്ചു. മികച്ച രീതിയിലാണ് ഈ പ്രോജക്ട് നടപ്പാക്കുന്നതെന്നും കുട്ടികൾക്ക് ഇത് വളരെ പ്രയോജനപ്രദമാണെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു. ഈ പ്രോജക്ടിന്റെ നടത്തിപ്പ് ഫലപ്രദമാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്താൻ യോഗം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിച്ചു. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കേണ്ടത് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ചുമതലയാണെന്നും ഇങ്ങനെയുള്ള പദ്ധതികൾ സംസ്ഥാനത്തിനാകെ നടപ്പാക്കുന്ന കാര്യം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ പരിഗണിക്കണമെന്നും യോഗം നിർദ്ദേശിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടറുടെ പഠന റിപ്പോർട്ട് കോഴിക്കോട് ജില്ലാ പഞ്ചായത്തിന് പരിഗണനയ്ക്കായി നൽകാനും യോഗം നിർദ്ദേശിച്ചു.

**നടപടി- 1)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ,**
**കേരളസോഷ്യൽ സെക്യൂരിറ്റി മിഷൻ**

### 2.2 16.10.2018 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**ഖണ്ഡിക 3.11**

തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ മുഖ്യ നിർവ്വഹണ തദ്ദേശഭരണ സ്ഥാപനത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഫണ്ട് കൈമാറുന്ന രീതി മാറ്റി അലോട്ട്മെന്റ് രീതി 03.07.2018 -ലെ 100/2018/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ധന വകുപ്പ് ഏർപ്പെടുത്തിയിരുന്നു. പെട്ടെന്ന് ഈ ക്രമീകരണം

വന്നതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അസൗകര്യം പരിഗണിച്ച് 30.09.2018-വരെ പഴയ രീതി തുടരാൻ (ഫണ്ടു കൈമാറുന്ന രീതി) 16.08.2018-ലെ 132/2018/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ധന വകുപ്പ് അനുമതി നൽകിയിരുന്നു. സാമ്പത്തിക വർഷത്തിന്റെ ഇടയ്ക്ക് ഇപ്രകാരം ക്രമീകരണങ്ങൾ നടത്തുന്നത് അസൗകര്യം ഉണ്ടാക്കും എന്നതിനാൽ പഴയ രീതി (ഫണ്ട് കൈമാറുന്ന രീതി) തുടരുന്നതിനുള്ള സമയപരിധി 31.03.2019 വരെയാക്കണമെന്ന ആവശ്യം ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകിയിരുന്നു. ഇതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് തുടർ നടപടി സ്വീകരിക്കണം.

**നടപടി- 1)തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**
**2)ധനവകുപ്പ്**

**2.3 30.11.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 4.25**

**ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.10.2018-ലെ കത്ത് (CC/292/2018)**

ഐ.എ.വൈ പദ്ധതിയിൽ ഗ്രാമ - ബ്ലോക്ക്- ജില്ലാ വിഹിതമായി ലഭിച്ച തുകയിൽ പലിശ ഉൾപ്പെടെ 2,19,44,049/- രൂപ ബാക്കി ഉണ്ട്. ഈ തുക ഉപയോഗിച്ച് അഗതികൾ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ഗുരുതര രോഗം ബാധിച്ചവർ, അനാഥർ/വിധവകൾ എന്നീ വിഭാഗത്തിൽപ്പെടുന്ന 52 പേർക്ക് ഭവനം നിർമ്മിച്ചു നൽകാൻ അനുമതി സംബന്ധിച്ച്.

1) ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലെ ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകാൻ ഫണ്ടിന്റെ കുറവുണ്ടെന്ന് ലൈഫ് മിഷൻ പ്രതിനിധി അറിയിച്ചു. അതിനാൽ ഈ തുക ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചു നൽകാൻ ഉപയോഗിക്കണമെന്ന് 31.12.2018-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശിച്ചിരുന്നു.

   മുകളിൽ പറഞ്ഞ ഗുണഭോക്താക്കൾ ലൈഫ് ലിസ്റ്റിൽ നിന്ന് ഒഴിവായതിന്റെ കാരണം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ ഗ്രാമവികസന കമ്മീഷണറെ ചുതലപ്പെടുത്തിയിരുന്നു. ഭവനരഹിതരായവരെ മാത്രമാണ് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്നും ബ്ലോക്ക് പഞ്ചായത്ത് അറിയിച്ച 52 പേർക്ക് വാസയോഗ്യമല്ലാത്തവയാണെങ്കിലും ഭവനങ്ങൾ ഉള്ളതിനാലാണ് ലിസ്റ്റിൽ ഉൾപ്പെടുത്താത്തതെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**2.4 31.12.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.1**

തദ്ദേശ ഭരണസ്ഥാപനങ്ങൾ കേരള വാട്ടർ അതോറിട്ടി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മറ്റ് ഏജൻസികൾ എന്നിവയിലേക്ക് വിവിധ പ്രവർത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വർഷങ്ങളായി ഈ തുകയിൽ നല്ലൊരു പങ്ക് ഉപയോഗിക്കാതെ കിടക്കുകയാണ്. ഈ തുക ചെലവഴിച്ച്

പ്രവർത്തി പൂർത്തിയാക്കണമെന്ന് നിർദേശിച്ചിരുന്നുവെങ്കിലും വർഷങ്ങളായി വളരെയധികം പ്രവൃത്തികൾ പൂർത്തീകരിക്കാതെ കിടക്കുകയാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും താഴെ പറയുന്ന നടപടികൾ എടുക്കാൻ തീരുമാനിച്ചു.

(i) ഇത്തരം ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുക, പ്രവൃത്തി എന്നിവയുടെ വർഷം തിരിച്ച വിവരം ജില്ലാതലത്തിൽ ക്രോഡീകരിക്കണം. ഇതിനെ തുടർന്ന് ജില്ലാതലത്തിൽ ബന്ധപ്പെട്ട വകുപ്പ ഉദ്യോഗസ്ഥർ (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഗ്രൗണ്ട് വാട്ടർ വകുപ്പ് ജില്ലാ ഓഫീസർ തുടങ്ങിയവർ), തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവരുടെ യോഗം ജില്ലാ ആസൂത്രണസമിതി തലത്തിൽ പ്രത്യേകമായി വിളിച്ചു ചേർക്കണം. ജില്ലാ കളക്ടർ ഇതിന് പ്രത്യേകമായി ഇടപെടണം. ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് ഒരു കർമ്മ പദ്ധതി തയ്യാറാക്കണം. ഇതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് ജില്ലാ കളക്ടർ/ ജില്ലാ പ്ലാനിംഗ് ഓഫീസർ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി.ഡിവിഷൻ ചീഫിനു നൽകണം. സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് തുടർ നടപടികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കു നൽകണം.

(ii) ഈ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് സംസ്ഥാനതലത്തിൽ KSEB, KWA, GWD എന്നിവയുടെ മേധാവികളുടെ ഒരു യോഗം ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേകമായി വിളിക്കാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച സർക്കുലർ

**നടപടി- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**
**2) എല്ലാ ജില്ലാകളക്ടർമാരും, ജില്ലാ പ്ലാനിംഗ് ഓഫീസർമാരും**
**3) ചീഫ്,ഡി.പി. ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്**

ഖണ്ഡിക 3.2

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകണമെന്ന് നിർദ്ദേശമുണ്ട്. ഇത് ഗ്രാമപഞ്ചായത്ത്/ നഗരസഭകളാണ് നൽകേണ്ടത്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും ഇതിനു തുക മാറ്റി വയ്ക്കാവുന്നതാണ്. എന്നാൽ ഇത്തരം കുട്ടികൾക്ക് അർഹമായ മുഴുവൻ സ്കോളർഷിപ്പും ബത്തയും നൽകാറില്ല. ഇതിനാവശ്യമായ മതിയായ ഫണ്ട് പലപ്പോഴും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതും ഒരു കാരണമാണ്. മുടക്കം കൂടാതെ ഈ ധനസഹായം നൽകുന്നതിന് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും ഇതിന് മതിയായ തുക മാറ്റി വയ്ക്കണം. അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകാൻ അതത് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരം സാമൂഹ്യസുരക്ഷാ മിഷൻ ICDS/CDPO മുഖേന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കൈമാറണം. മതിയായ തുക മാറ്റി വയ്ക്കുന്നുവെന്ന് ICDS/CDPO മാർ ഉറപ്പു വരുത്തണം. ഇതിന് ജില്ലാ ആസൂത്രണസമിതി മേൽനോട്ടം വഹിക്കണം. ഇതു സംബന്ധിച്ച സർക്കുലർ

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ**

## ഖണ്ഡിക 3.3

ലോക ബാങ്ക് വിഹിതം ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികളുടെ ചില ബില്ലുകൾ 2018 മാർച്ച് അവസാനം ക്യൂ ലിസ്റ്റിലായി. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ക്യൂ ബില്ലുകൾക്ക് അനുസൃതമായി അധികമായി ലോക ബാങ്ക് വിഹിതം ധനവകുപ്പിൽ നിന്നു നൽകി.

എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ലോക ബാങ്ക് വിഹിതം ലഭിക്കുന്നതിനു മുമ്പ് ഇതിന്റെ ബിൽ തുക തനത് ഫണ്ട് ഉപയോഗിച്ച് നൽകി. കൂടാതെ ക്യൂ ബില്ലിലുള്ള തുകയേക്കാൾ അധികമായി ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലോക ബാങ്ക് വിഹിതമായി ലഭിച്ചു. ഇങ്ങനെ മിച്ചമുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശം നൽകുന്നു.

(i) ലോക ബാങ്ക് വിഹിതം ലഭിക്കുന്നതിനുമുമ്പ് ബിൽ തുക തനത് ഫണ്ട് ഉപയോഗിച്ച് നൽകിയെങ്കിൽ മിച്ചം ലഭ്യമായ തുക ലോക ബാങ്കിന്റെ ഉപയോഗം സംബന്ധിച്ച് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന പുതിയ പദ്ധതികൾക്കോ ഇതേ ഗണത്തിൽപ്പെട്ട സ്പിൽ ഓവർ പ്രോജക്ടുകൾക്കോ ഉപയോഗിക്കാവുന്നതാണ്.

(ii) ലോക ബാങ്ക് വിഹിതം അധികമായി ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്കും മുകളിൽ പറഞ്ഞ ഗണത്തിൽപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഈ തുക 31.03.2019-നകം ചെലവഴിക്കണം. ഇത് സംബന്ധിച്ച ഉത്തരവ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## ഖണ്ഡിക 3.4

കേരള വാട്ടർ അതോറിട്ടിക്ക് വെള്ളക്കരം കുടിശ്ശിക നൽകാനുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ തുക ധനവകുപ്പ് വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം കുറവു ചെയ്ത തുക കഴിഞ്ഞാൽ മിച്ചം തുക വളരെ കുറവാണ്. അതിനാൽ ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനിവാര്യ പ്രോജക്ടുകളുടെ ബിൽ തുക പോലും നൽകാൻ ഫണ്ടില്ല. ഈ സാഹചര്യത്തിൽ വലിയ കുടിശ്ശികയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ തുക രണ്ടോ മൂന്നോ വർഷംകൊണ്ട് ഗഡുക്കളായി അടയ്ക്കാവുന്ന രീതിയിലാക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) ധനവകുപ്പ്**

## ഖണ്ഡിക 3.5

പട്ടിക വർഗ്ഗ വിഭാഗക്കാരില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്കും റ്റി.എസ്.പി. വിഹിതം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം പഞ്ചായത്ത് ഡയറക്ടർ ശേഖരിച്ചിരുന്നു. ഈ തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിന് ഹെഡ് ഓഫ് അക്കൗണ്ട് നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. കൂടാതെ ഇങ്ങനെ തിരിച്ചടയ്ക്കുന്ന തുക പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന്റെ സാധ്യത പരിശോധിച്ച് പട്ടികവർഗ്ഗ വികസനവകുപ്പ ഡയറക്ടർ റിപ്പോർട്ട് നൽകണം.

ഇതു സംബന്ധിച്ച് സ്റ്റേറ്റ് ഫിനാൻസ് സെൽ ജോയിന്റ് സെക്രട്ടറിയെ കൂടി ചേർത്ത് യോഗം വിളിക്കാൻ തീരുമാനിച്ചു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പട്ടിക വർഗ്ഗ വികസന വകുപ്പ്ഡയറക്ടർ**
**3) ധനവകുപ്പ്**

**ഖണ്ഡിക 3.9**

സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്താണ് ഇടമലക്കുടി. ബഡ്ജറ്റ് പ്രകാരം അനുവദിക്കുന്ന തുക മേഖലാ വിഭജനത്തിനു വിധേയമായാണ് ഈ പഞ്ചായത്തിലും ചെലവഴിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗക്കാർ മാത്രം താമസിക്കുന്നതും വളരെ പിന്നാക്കം നിൽക്കുന്നതുമായ ഈ പഞ്ചായത്തിൽ പദ്ധതി ആസൂത്രണ-നിർവഹണത്തിൽ പ്രത്യേക ഇടപെടൽ നടത്താൻ തീരുമാനിച്ചു.

1) പട്ടികവർഗ്ഗ പഞ്ചായത്തായതിനാൽ വികസനഫണ്ടിന്റെ ഉപയോഗത്തിൽ നിന്ന് പശ്ചാത്തല മേഖലയുടെ ഉയർന്ന പരിധിയും ഉത്പാദന മേഖലയുടെ കുറഞ്ഞ പരിധിയും ഒഴിവാക്കാൻ തീരുമാനിച്ചു. എന്നാൽ വനിതാ ഘടക പദ്ധതി, കുട്ടികൾ, ഭിന്നശേഷിക്കാർ, വൃദ്ധർ തുടങ്ങിയവർക്ക് മാർഗ്ഗരേഖ പ്രകാരമുള്ള കുറഞ്ഞ പരിധി പാലിക്കേണ്ടതാണ്. പരീക്ഷണാർത്ഥം ഇത് 2019-2020 വർഷത്തേയ്ക്ക് മാത്രമാണ് ബാധകം
2) പഞ്ചായത്തിലേയും ഘടക സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ജില്ലയിൽ ഒരു പ്രത്യേക മോണിട്ടറിംഗ് സംവിധാനം ജില്ലാ കളക്ടർ ഒരുക്കണം. ഇവർ നിശ്ചിത കാലയളവിൽ പഞ്ചായത്ത് സന്ദർശിക്കേണ്ടതും പദ്ധതി ആസൂത്രണ നിർവഹണത്തിൽ പ്രത്യേകമായ ഇടപെടൽ നടത്തേണ്ടതുമാണ്. കൂടാതെ 6 മാസത്തിലൊരിക്കലെങ്കിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എല്ലാ ജില്ലാതല ഉദ്യോഗസ്ഥരേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി പഞ്ചായത്തിൽ ക്യാമ്പ് നടത്തണം. ക്യാമ്പിൽ ഉയർന്നു വരുന്ന ആവശ്യങ്ങൾ പരിഹരിക്കാൻ പ്രത്യേക ഇടപെടൽ ജില്ലാ കളക്ടർ നടത്തണം. ഈ കാര്യത്തിൽ ആവശ്യമായ ഏകോപനം ജില്ലാ ആസൂത്രണസമിതി നടത്തണം. ഇതു സംബന്ധിച്ച ഉത്തരവ്

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ജില്ലാ കളക്ടർ, ഇടുക്കി**
**3) പഞ്ചായത്ത് ഡയറക്ടർ**

**ഖണ്ഡിക 3.10**

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വികസന ഫണ്ടിന്റെ 20 ശതമാനം തുക ലൈഫ് പദ്ധതിക്കായി മാറ്റി വച്ചിട്ടുണ്ട്. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒന്നാം ഘട്ട ഭവന പദ്ധതിയിൽ (ഭൂമിയുള്ള ഭവന രഹിതർ) ഇത്രയും തുക ആവശ്യമില്ല. അതിനാൽ ഈ തുക ചെലവഴിക്കപ്പെടാതെ കിടക്കുകയാണ്. ശേഷിക്കുന്ന മൂന്നു മാസം കൊണ്ട് 2-ാം ഘട്ട ഭവന പദ്ധതി (ഭൂരഹിത- ഭവന രഹിതർ) പ്രകാരം സ്ഥലം വാങ്ങാൻ ബുദ്ധിമുട്ടാണ് എന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മാറ്റി വച്ചിരിക്കുന്ന 20 ശതമാനം തുകയിൽ നിന്ന് ഒന്നാം ഘട്ടമായി വീട്ടു നൽകുന്നതിന് ആവശ്യമായ തുക കഴിച്ച് ബാക്കി തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനിക്കുന്ന പക്ഷം വീടിന് സ്ഥലം വാങ്ങുന്നതടക്കമുള്ള മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ഇങ്ങനെ തുക ഉപയോഗിക്കുമ്പോൾ കാറ്റഗറി 1 സ്പിൽ ഓവർ പ്രോജക്ടുകളുടെ ബിൽ തുക നൽകുന്നതിന് മുൻഗണന നൽകേണ്ടതാണ്. ഇങ്ങനെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ ശുപാർശയോടെ അറിയിക്കുന്നതനുസരിച്ച് വാലിഡേഷൻ ഒഴിവാക്കി നൽകാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. ഇത് സംബന്ധിച്ച ഉത്തരവ്

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

**ഖണ്ഡിക 3.11**

ഗ്രാമപഞ്ചായത്തുകൾ ആധുനിക ശ്മശാനം നിർമ്മിക്കുന്നുണ്ട്. ഇതിന്റെ പരിപാലനത്തിന് ഭാരിച്ച തുക ആവശ്യമായി വരുന്നു. ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആധുനിക ശ്മശാനത്തിന്റെ ഉപയോഗം വളരെ കുറവാണ്. ഈ സാഹചര്യത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആധുനിക ശ്മശാനം ആവശ്യമുണ്ടോ എന്നു പരിശോധിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് എത്ര ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനം ഉണ്ട്, എത്ര ഗ്രാമപഞ്ചായത്തുകൾ ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്, ഒരു ശ്മശാനത്തിന്റെ നടത്തിപ്പ് ചെലവ്, എല്ലാ ഗ്രാമപഞ്ചായത്തിലും ഇതിന്റെ ആവശ്യമുണ്ടോ എന്നിവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ കൂടി അഭിപ്രായവും അറിയിക്കണം.

**നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ**, ശുചിത്വ മിഷൻ
**2) പഞ്ചായത്ത് ഡയറക്ടർ**

**ഖണ്ഡിക 3.13**

മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് നൽകുന്ന ലാപ് ടോപിന്റെ പരമാവധി യൂണിറ്റ് നിരക്ക് 30,000/- രൂപയാണ്. ഐ.ടി. മിഷൻ ഡയറക്ടറുടെ ശുപാർശ പ്രകാരമാണ് മിഡിൽ ലവൽ സ്പെസിഫിക്കേഷന് ഈ നിരക്ക് നിശ്ചയിച്ചിരുന്നത്. എന്നാൽ കെൽട്രോൺ, Centralised Procurement and Rate Contract System (CPRCS) മുഖേന ലാപ് ടോപ് വാങ്ങുമ്പോൾ 30,000/- രൂപയിലധികമാണെന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഐ.ടി. മിഷൻ ഡയറക്ടർ ശുപാർശ ചെയ്ത മിഡിൽ ലെവൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ് മാത്രമേ വിദ്യാർത്ഥികൾക്ക് നൽകേണ്ടതുള്ളൂ എന്നു നിർദ്ദേശിക്കുന്നു. മിഡ്–ലെവൽ സ്പെസിഫിക്കേഷൻ താഴെച്ചേർക്കുന്നു.

**Usage:** Use of word processing, spreadsheets, e-mail, Internet browsing, Web based applications and Multiple applications with graphics and multimedia performance essential for Web content, smooth graphics, and video, and data intensive e-Governance applications.

- **Processor:** 64 bit Multi core x86 Processor with 4 threads having either of

- ➢ BAPCO SysMark 2014 rating of 700 or above tested with memory of 8.0GB
- ➢ PC Mark 8 Work Accelerated Score of 3450 or higher, tested with 8GB RAM.

- **Chipset:** Compatible
- **Motherboard:** OEM Compatible
- **Memory:** 4 GB DDR3 1333 RAM(or Higher) Expandable up to 8GB
- **Hard Disk:** 1.0TB, 5400rpm or Higher
- **Display:** LED Backlit Display
- **Display Size:** 15.6"
- **Resolution:** 1366X768 WXGA or Higher
- **Wireless connectivity:** IEEE 802.11b/g/n/WLAN integrated wireless,
  Integrated Bluetooth 4.0
- **DVD Writer:** Integrated DVD Writer 8X or above
- **Speaker:** Integrated Stereo Speaker
- **Keyboard:** Keyboard with Touch Pad
- **Camera:** Integrated
- **Audio:** Integrated High Definition Audio
- **Expansion Port:** 3USB, 1 USB3.0, 10/100/1000 Ethernet Card, RGB or Video or VGA/HDMI, Microphone, Stereo Headphone & other Standard features
- **Power Supply:** 230V, 50Hz AC Supply with rechargeable Battery Pack comprising of Li-Ion battery suitable for approx. 4hrs operation complete with battery charger / adapter
- **Mouse:** Optical Scroll mouse
- **Carry case:** Backpack to be provided
- **Weight:** Weight Less than 2.5 Kg
- **Warranty:** 5 year comprehensive onsite OEM warranty including battery and charger
- **Certification:** Energy Star 5.0/ Bureau of Energy Efficiency (BEE) certification, RoHS (Preferable)
- **Operating System:** Ubuntu 16.04 LTS preloaded

ഇതനുസരിച്ചുള്ള നിരക്ക് പുതുക്കി നിശ്ചയിക്കേണ്ടതുണ്ടോ എന്ന് പരിശോധിച്ച് ഐ.ടി. മിഷൻ ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

**നടപടി:- 1)ഡയറക്ടർ, ഐ.ടി.മിഷൻ**

**ഖണ്ഡിക 3.14**

മാർഗ്ഗരേഖ പ്രകാരം പാടശേഖരങ്ങളിൽ പെട്ടിയും പറയും ( PUMP SET) സ്ഥാപിക്കുന്നതിന് ധനസഹായം നൽകാവുന്നത് ബ്ലോക്ക് പഞ്ചായത്തിനു മാത്രമാണ്. എന്നാൽ നഗരസഭാ പ്രദേശങ്ങളിൽ അതത് നഗരസഭകൾക്ക്

ഇതിന് ധനസഹായം നൽകാവുന്നതാണ്. മാർഗ്ഗരേഖയിലെ മറ്റ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഉത്തരവ്

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**ഖണ്ഡിക 4.8**

**വരാപ്പുഴ ഗ്രാമപഞ്ചായത്ത്**

**വരാപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.11.2018-ലെ A2-5816/17-ാം നമ്പർ കത്തും**

പഞ്ചായത്തിൽ ലൈഫ് മിഷനിൽ പദ്ധതിക്ക് ലഭ്യമായ വിഹിതം 1.20 കോടി രൂപയാണ് (ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ). അർഹരായ 29 പേരിൽ 25 പേർ എഗ്രിമെന്റ് വച്ചു. നാലുപേർ തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ ഭൂമിയുള്ളവരാണ്. ഇവർക്ക് ധനസഹായം നൽകാൻ കഴിയില്ല. അതിനാൽ ശേഷിക്കുന്ന തുക ഉപയോഗിച്ച് പഞ്ചായത്തിലെ ഭവന രഹിതരുടെ സപ്ലിമെന്ററി ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച് . ഇത് പരിശോധിച്ച് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകണം.

**നടപടി:- 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**

**2)തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**ഖണ്ഡിക 4.16**

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.11.2018-ലെ കത്തും ഭരണസമിതിയുടെ 25.10.2018-ലെ കത്തും**

കയർ കൈത്തറി സഹകരണ സംഘങ്ങൾക്ക് വർക്ക് ഷെഡ് നിർമ്മിക്കുന്നതിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (SRG 1079, 1071, 1072, 1073/18)

| ക്രമ നം | പ്രോ.നം. | പേര് | പദ്ധതി വിഹിതം |
|---|---|---|---|
| 1 | 482/19 | ഒളവണ്ണ കയർ സൊസൈറ്റിക്ക് ധനസഹായം നൽകൽ | 15,00,000/- രൂപ |
| 2 | 489/19 | കടലുണ്ടി കയർ സൊസൈറ്റിക്ക് ധനസഹായം നൽകൽ | 15,00,000/- രൂപ |
| 3 | 1235/19 | കേരള കൈത്തറി വീവേഴ്സ് സൊസൈറ്റി വർക്ക് ഷെഡ് ചിറയിൻ പീടിക, അഴിയൂർ | 15,00,000/-രൂപ |
| 4 | 1249/19 | ഇരങ്ങല്ലൂർ കയർ വ്യവസായ സഹകരണ സംഘം - ഒളവണ്ണ | 30,00,000/-രൂപ |

മാർഗ്ഗരേഖയിലെ വ്യവസ്ഥ ഒഴിവാക്കി ജില്ലാ പഞ്ചായത്ത് വകയിരുത്തിയ മുഴുവൻ തുകയും ധനസഹായമായി നൽകാൻ അനുമതി സംബന്ധിച്ച് . ഈ സഹകരണ സംഘങ്ങളുടെ പ്രവർത്തനം, പ്രളയത്തിലുണ്ടായ നഷ്ടം എന്നിവയുടെ വിശദാംശങ്ങൾ സഹിതം പരിശോധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2) പഞ്ചായത്ത് ഡയറക്ടർ**

**ഖണ്ഡിക 4.19**

**ഐക്കരനാട് ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.11.2018-ലെ കത്തും ഐക്കരനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.09.2018-ലെ A3 - 10/18-ാം നമ്പർ കത്തും**

***പ്രോ.നം. 67/19, 140/19, 139/19, 69/19 അടങ്കൽ 25,000/- രൂപ***

***പേര്:- പട്ടികവർഗ്ഗ കുട്ടികൾക്ക് പഠനോപകരണങ്ങൾ (മേശ, കസേര)***

ഐക്കരനാട് പഞ്ചായത്തിലെ ചില പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തു .അതിനാൽ 2015 മുതൽ ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. അതിനാൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| 1) | വിവിധ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം | അടങ്കൽ 64,000/- രൂപ |
| 2) | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് | അടങ്കൽ 30,000/- |
| 3) | പട്ടികവർഗ്ഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ വാങ്ങൽ | അടങ്കൽ 43,500/- രൂപ |

പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടർ**

**ഖണ്ഡിക 4.22**

**അയ്മനം ഗ്രാമ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.11.2018-ലെ കത്തും അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.2018-ലെ കത്തും (SRG 1109/18 - CC 575/18)**

***പ്രോ.നം. 218/19 അടങ്കൽ 23,90,000/-- രൂപ***
***(തനത് ഫണ്ട് 3,50,000/- രൂപ***
***ശുചിത്വ മിഷൻ വിഹിതം 20,40,000/- രൂപ)***

***പേര്:- കക്കൂസ് നിർമ്മാണം***

പ്രളയത്തെത്തുടർന്ന് ഏകദേശം 320 കക്കൂസ് പഞ്ചായത്തിൽ നശിച്ചുപോയി. ശുചിത്വമിഷൻ ഫണ്ട് കൂടി ചേർത്ത് 170 പേർക്കു കൂടി കക്കൂസ് നിർമ്മിക്കാനുള്ള പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. ODF ആയി പ്രഖ്യാപിച്ച

പഞ്ചായത്തായതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്. ഇത് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം

**നടപടി:- 1) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ**
**2) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**ഖണ്ഡിക 4.27**

**പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്**

**കോട്ടയംജില്ലാപ്ലാനിംഗ് ഓഫീസറുടെ 24.11.18 ലെ കത്തും പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.09.18ലെ 4(4)-ാം നമ്പർ തീരുമാനവും.**

***പ്രോ.നം 148/19 അടങ്കൽ 14,93,800/- രൂപ***
***( തനതുഫണ്ട് 10,62,205/- രൂപ***
***ബ്ലോക്ക് വിഹിതം 4,31,595/- രൂപ)***

2016-17 ൽ കക്കൂസ് നിർമ്മാണത്തിന് പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ആകെ ഗുണഭോക്താക്കൾ 532. ഇതിൽ 211 പേർ നിർമ്മാണം പൂർത്തിയാക്കി രേഖകൾ സമർപ്പിച്ചു ധനസഹായം കൈപ്പറ്റി. 321 പേർ കക്കൂസ് നിർമ്മാണം 31.03.17 നകം പൂർത്തിയാക്കി. എന്നാൽ രേഖകൾ സമർപ്പിക്കാൻ കഴിയാത്തതിനാൽ തുക നൽകിയില്ല. ഈ പ്രോജക്ട് 2017-18, 2018-19 വർഷം സ്പിൽ ഓവറായി തുടരുന്നു. ODF ആയി പ്രഖ്യാപിച്ചതിനാൽ ധനസഹായം നൽകാൻ സർക്കാർ അനുമതി സംബന്ധിച്ച്. ഇത് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം.

**നടപടി:- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ**
**2) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**ഖണ്ഡിക 4.38**

**ആലത്തൂർ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.11.18 ലെ കത്ത് (SRG 1135/18 . CC 605/2018)**

***പ്രോ.നം 177/19 അടങ്കൽ 29,40,000/- രൂപ (SCP)***
***(വികസനഫണ്ട് 1,40,000/- രൂപ SCP***
***ജില്ലാപഞ്ചായത്ത് വിഹിതം 24,00,000/-***
***ബ്ലോക്ക് പഞ്ചായത്ത് വിഹിതം 4,00,000/-***

വീടുവച്ചു നൽകാനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്ഥലം വാങ്ങി നൽകാനുള്ള പ്രോജക്ട് 2017-18 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇത് ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. ലൈഫ് മിഷൻ മാർഗ്ഗരേഖപ്രകാരമല്ല എന്നതിനാൽ ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്. ആദ്യഘട്ടത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ഗുണഭോക്താക്കളുടെ എണ്ണം, ആവശ്യമായ തുക (SCP) എന്നിവ സഹിതം പരിശോധിച്ച് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകണം.

**നടപടി:- 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**
**2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**ഖണ്ഡിക 4.41**

**കോക്ലിയാർ ഇംപ്ലാന്റീസ് അസോസിയേഷൻ ആന്റ് ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റിന്റെ കത്ത്. (ലഭിച്ചത് 07.11.2018) (LSGD-DA1/718/2018-LSGD)**

കോക്ലിയർ ഇംപ്ലാന്റിനു ശേഷമുള്ള കേൾവി സഹായികളും മറ്റും നൽകാവുന്ന താണെന്ന് മാർഗ്ഗരേഖയിൽ ഉണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കും

മത്സ്യതൊഴിലാളികൾക്കും (മക്കൾക്ക്) മാത്രമായി കോക്ലിയർ ഇംപ്ലാന്റിന്റേയും അനുബന്ധ ഉപകരണങ്ങളുടേയും റിപ്പയറിംഗിന് ധനസഹായം നൽകിയാൽ മതിയെന്ന് കോർഡിനേഷൻ കമ്മിറ്റിയുടെ 27.09.2018 ലെ യോഗതീരുമാനപ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. (15.10.2018 ലെ ഡി.എ1/718/18/തസ്വഭവ ഉത്തരവ്) ഇതിനുള്ള ധനസഹായം എല്ലാവർക്കും നൽകുന്നതിന് സർക്കാർ തീരുമാനമുണ്ടാകണമെന്നതു സംബന്ധിച്ച് . KSSM ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) എക്സിക്യൂട്ടീവ് ഡയറക്ടർ , കേരള സാമൂഹ്യസുരക്ഷാമിഷൻ**

## 3. പൊതു വിഷയങ്ങൾ

================

3.1 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19-ലെ പദ്ധതി നിർവഹണവും അടുത്ത വർഷത്തെ പദ്ധതി രൂപീകരണവും സംബന്ധിച്ച അവലോകനം ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി എല്ലാ ജില്ലയിലും നടത്തിയിരുന്നു. അവലോകന യോഗത്തിൽ ഉയർന്നു വന്ന പ്രശ്നങ്ങളിൽ സർക്കാർ തലത്തിൽ പരിഹരിക്കേണ്ടവ കോഓർഡിനേഷൻ കമ്മിറ്റിയുടെ കൂടി നിർദ്ദേശപ്രകാരം വകുപ്പുമേധാവികൾ പരിഹരിച്ചു വരികയാണ്. മറ്റുള്ളവ ജില്ലാതലത്തിൽ ജില്ലാ ആസൂത്രണ സമിതിയും ജില്ലാകളക്ടറും പരിഹരിക്കണം. ഇു സംബന്ധിച്ച നടപടികൾ ഊർജ്ജിതപ്പെടുത്തണം.

ഇതോടൊപ്പം പദ്ധതി നിർവഹണം കാര്യക്ഷമവും വേഗത്തിലുമാക്കി 100 ശതമാനം പദ്ധതി ചെലവ് കൈവരിക്കുന്നതിന് എല്ലാ ജില്ലകളിലും ജനുവരി-ഫെബ്രുവരി മാസങ്ങളിലായി ബ്ലോക്ക്തല അവലോകനം നടത്തണം. ബ്ലോക്ക് തല അവലോകനത്തിൽ ബ്ലോക്ക് പഞ്ചായത്തുകളുടേയും ഗ്രാമപഞ്ചായത്തുകളുടേയും പദ്ധതി നിർവഹണം അവലോകനം ചെയ്യണം. കോർപ്പറേഷന്റേതടക്കം നഗരസഭകളുടെ പദ്ധതി ജില്ലാതലത്തിൽ അവലോകനം ചെയ്യണം. അതേപോലെ ജില്ലാ പഞ്ചായത്തിന്റേയും പ്രത്യേകം അവലോകനം ചെയ്യണം.

പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതോടൊപ്പം എത്രമാത്രം മികച്ച പ്രോജക്ടുകൾ തെരഞ്ഞെടുത്തിട്ടുണ്ട്, സംയോജന പ്രോജക്ടുകൾ, നൂതന പ്രോജക്ടുകൾ, പദ്ധതി ആസൂത്രണ നിർവഹണ രീതിയിലെ ഗുണമേന്മ എന്നിവയും വിലയിരുത്തണം. പ്രോജക്ടുകളുടെ വെറ്റിംഗ് കാര്യക്ഷമമായാണോ നടക്കുന്നതെന്നും അവലോകനത്തിൽ പരിശോധിക്കണം. കൂടാതെ മിഷൻ പദ്ധതികളായ ഹരിതകേരളം, ലൈഫ്, ആർദ്രം, സമഗ്ര വിദ്യാഭ്യാസ യജ്ഞം എന്നിവയുടെ നിർവഹണവും പുരോഗതിയും അജണ്ടയിൽ ഉൾപ്പെടുത്തണം. ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ താഴെപ്പറയുന്നവരെ ഉൾപ്പെടുത്തിയാണ് അവലോകനം നടത്തേണ്ടത്.

(i) ഓരോ ജില്ലാ ആസൂത്രണസമിതി അംഗത്തിനും ബ്ലോക്ക് തല അവലോകനത്തിന്റെ ചുമതല വീതിച്ചു നൽകണം

(ii) ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ എല്ലാ അവലോകന യോഗത്തിലും പങ്കെടുക്കണം

(iii) അവലോകന യോഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ, എല്ലാ നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ നിർബന്ധമായും പങ്കെടുക്കണം

(iv) കഴിവതും യോഗങ്ങളിൽ ജില്ലാകളക്ടർ പങ്കെടുക്കണം. കഴിയില്ലാത്ത സ്ഥലങ്ങളിൽ ജില്ലാ കളക്ടറുടെ പ്രതിനിധി പങ്കെടുക്കണം.

**നടപടി:-1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) എല്ലാ ജില്ലാ കളക്ടർമാരും**

3.2 അംഗൻവാടി അദ്ധ്യാപകർക്കും ആയമാർക്കും നൽകേണ്ട അധിക ഓണറേറിയത്തിന്റെ കുടിശ്ശിക വികസനഫണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് ധനവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇങ്ങനെയുള്ള കുടിശ്ശിക തനത്ഫണ്ട് ഉപയോഗിച്ച് നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കുടിശ്ശിക തുക തനത് ഫണ്ടുപയോഗിച്ച് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

3.3 തദ്ദേശഭരണ സ്ഥാപനങ്ങളുടെ എസ്.സി.പി. റ്റി.എസ്.പിയുടെ പദ്ധതി ചെലവ് പൊതു വിഭാഗം ചെലവിനേക്കാൾ കുറവാണ്. എസ്.സി.പി. റ്റി.എസ്.പി. പദ്ധതി ചെലവ് പൊതു വിഭാഗം ചെലവിനേക്കാളോ അതിലധികമോ ആക്കുന്നതിന് പ്രത്യേക ഇടപെടൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടത്തണം. പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, പട്ടികജാതി വികസന ഡയറക്ടർ, പട്ടികവർഗ്ഗ വികസന ഡയറക്ടർ എന്നിവർ പ്രത്യേകം അവലോകനം ചെയ്യണം. ഇതിന്മേൽ സ്വീകരിച്ച നടപടി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്യണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസ ന കമ്മീഷണർ**
**5) പട്ടികജാതി വികസന ഡയറക്ടർ**
**6) പട്ടികവർഗ്ഗ വികസന ഡയറക്ടർ**

3.4 എല്ലാ വകുപ്പുമേധാവികളും യോഗത്തിൽ പങ്കെടുക്കണം. ഒഴിവാക്കാൻ പറ്റാത്ത അവസരത്തിൽ ഉയർന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.5 പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്ന് ആരും തന്നെ യോഗത്തിൽ പങ്കെടുത്തില്ല. ഇതു സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കാൻ അഡിഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.6 ട്രഷറികളിലെ പെൻഡിംഗ് ബില്ല് മാറിക്കിട്ടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരും നിർവഹണ ഉദ്യോഗസ്ഥരും പ്രത്യേക ഇടപെടൽ നടത്തണം. ഇത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർ എന്നിവർ അവലോകനം ചെയ്യണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.7 പദ്ധതി നിർവഹണത്തിൽ ജില്ലാതല ഉദ്യോഗസ്ഥൻമാർ പ്രത്യേക ശ്രദ്ധ നൽകണം. സംസ്ഥാന തലത്തിൽ ബന്ധപ്പെട്ട വകുപ്പമേധാവികളുടെ യോഗം ബഹു.തദ്ദേശഭരണ സ്വയംഭരണ വകുപ്പമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.8 തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് പ്രത്യേകമായ ഒരു സംവിധാനം ഒരുക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

3.9 തദ്ദേശസ്വയംഭരണ വകുപ്പിൽ പുതിയതായി പ്രവേശിക്കുന്ന എഞ്ചിനീയർമാർക്കും നഗരസഭകളിൽ പുതുതായി നിയമിതരാകുന്ന സെക്രട്ടറിമാർക്കും പ്രത്യേകപരിശീലനം നടത്താൻ തീരുമാനിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) ഡയറക്ടർ, കില**

## 4. പ്രത്യേക വിഷയങ്ങൾ

=================

### 4.1 പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2018-ലെ കത്തും പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.12.2018-ലെ II(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1230/18) CC/763/18)**

***പ്രോ.നം 20/19*** ***അടങ്കൽ 20,00,000/- രൂപ***
***വികസനഫണ്ട് - 10,00,000/- രൂപ***
***നിർമ്മൽ പുരസ്കാര വിഹിതം - 10,00,000/- രൂപ***

***പേര്:- നിർമ്മലം നിർഭയം (സ്ത്രീ സൗഹൃദ ശുചിത്വ ബ്ലോക്ക്)***

ബ്ലോക്ക് പഞ്ചായത്ത് മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി നിർമ്മലം നിർഭയം എന്ന പ്രോജക്ട് നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായി CC TVക്യാമറ സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** CC TV ക്യാമറ സ്ഥാപിക്കുമ്പോൾ മോണിറ്ററിംഗ്, മെയിന്റനൻസ് അടക്കമുള്ള ഭാവി പ്രവർത്തനം എങ്ങനെയാണ് എന്ന വിശദാംശം നൽകണം. ശുചിത്വ മിഷൻ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ**

### 4.2 കാവനൂർ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.11.2018-ലെ കത്തും കാവനൂർ ഗ്രാമപഞ്ചായത്തിന്റെ 08.10.2018-ലെ 2(4)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 119/18) CC/585/18)**

***പ്രോ.നം 239/19*** ***അടങ്കൽ 1,85,0000/- രൂപ***
***(റോഡ് മെയിന്റനൻസ് ഗ്രാന്റ്)***

***പേര്:- കളരിക്കുന്ന് സ്റ്റേഡിയം റോഡ് പുനരുദ്ധാരണം.***

2017-18-ലെ മുകളിൽ പറഞ്ഞ പ്രോജക്ട് ഈ വർഷം മാറ്റമില്ലാത്ത സ്പിൽ ഓവർ പ്രോജക്ട് ( കാറ്റഗറി 1) ആയി തുടരുന്നുണ്ട്. സാങ്കേതികാനുമതി തുകയും ടെണ്ടർ തുകയും 2,35,000/- രൂപ ആയിരുന്നുവെങ്കിലും ക്യാരിഓവർ ചെയ്തപ്പോൾ 1,85,000/- രൂപയായാണ് ഉൾപ്പെടുത്തിയത്. ഈ തുക കോൺട്രാക്ടർക്കു നൽകി. പ്രവൃത്തി പൂർത്തിയായി. ബാക്കി തുകയായ 50,000/- രൂപ നൽകാൻ പ്രോജക്ട് വകയിരുത്തുന്നതിന് അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ബിൽ പ്രകാരമുള്ള ബാക്കി തുക നൽകാൻ പ്രോജക്ട് തയ്യാറാക്കുന്നതിന് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.3 കാവനൂർ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.11.2018-ലെ കത്ത് (SRG 117/18) CC/584/18)**

***പ്രോ.നം 274/18 അടങ്കൽ 1,50,000/- രൂപ***

***പേര്:- വള്ളിക്കുന്ന് പുലിയാറകുന്ന് റോഡ് പുനരുദ്ധാരണം***

2017-18-ൽ വാർഷിക പദ്ധതിയിൽ വള്ളിക്കുന്ന് പുലിയാറകുന്ന് റോഡ് എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇത് പൂർത്തികരിച്ചില്ലെങ്കിലും അബദ്ധവശാൽ പൂർത്തീകരണപത്രം തയ്യാറാക്കി. അതിനാൽ 2018-19-ൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ പ്രത്യേക അനുമതി സംബന്ധിച്ച് .

**തീരുമാനം :-** 1)ഇതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിക്കുന്നു

2) ഇത്തരം പിശകുകൾ വരുത്തിയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണെന്ന് യോഗം വിലയിരുത്തി. ഇത്തരം അബന്ധം ആവർത്തിക്കരുത് എന്ന നിർദ്ദേശം നൽകുന്നു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 4.4 പരപ്പനങ്ങാടി മുനിസിപ്പാലിറ്റി

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.11.2018 -ലെ കത്ത്(SRG 1145/18) CC/650/18)**

***പ്രോ.നം 256/19 അടങ്കൽ 40,50,000/- രൂപ (SCP)***

***പ്രോ.നം. 265/19(TSP) 3,70,000/- രൂപ (TSP)***

***പേര്:- വീട് വയ്ക്കാൻ ഭൂമി***

വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങാനായി രണ്ട് പ്രോജക്ട് (SCP, TSP) കൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് പദ്ധതി പ്രകാരം ഭവന സമുച്ചയത്തിനു വേണ്ടിയാണ് ഭൂമി വാങ്ങാവുന്നത്. ഗുണഭോക്താക്കൾക്ക് ഫ്ലാറ്റ് രീതിയോട് താല്പര്യമില്ലാത്തതിനാൽ ഗുണഭോക്താക്കൾ സ്വയം കണ്ടെത്തുന്ന വ്യക്തിഗത പ്ലോട്ടുകൾ വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഭൂമിയുള്ള ഭവന രഹിതർക്ക് വീട് നൽകുന്നതിന് ഈ തുക ഉപയോഗിക്കണം. ശേഷിക്കുന്ന തുക ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങി നൽകാൻ അനുമതി നൽകുന്നു. ഇതിനായി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിലെ മാനദണ്ഡവും നിരക്കും പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.5 ചേങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2018-ലെ കത്തും അനുബന്ധമായുള്ള കുറിപ്പും (SRG 1225/18) CC/753/18)**

***പ്രോ.നം 165/19*** ***അടങ്കൽ 50,000/- രൂപ (തനതുഫണ്ട്)***

***പേര്:- ടൂറിസം - സാധ്യതാ പഠനം***

പഞ്ചായത്തിൽ ടൂറിസത്തിന് മികച്ച സാധ്യതയുണ്ടെന്നും അതിനാൽ ടൂറിസം - സാധ്യതാ പഠനത്തിനുവേണ്ടിയുള്ള ഈ പ്രോജക്ട നടപ്പാക്കാൻ അനുമതി വേണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** തനതുഫണ്ട് തന്നെ ഉപയോഗിക്കണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

### 4.6 തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2018-ലെ കത്തും (SRG 228/18) CC/718/18)**

അംഗൻവാടി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ഓണറേറിയത്തിന്റെ കുടിശ്ശിക തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് ധനവകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്ത് അടയ്ക്കേണ്ട കുടിശ്ശിക തുക 7,48,000/- രൂപയാണ്. ഇതിനായി തനത്ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 216/19) തനത്ഫണ്ട് ഉപയോഗിച്ചുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പൊതു വിഷയം ഖണ്ഡിക 3.2 പ്രകാരമുള്ള തീരുമാനം വരുന്നതനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

### 4.7 ഒളവണ്ണ ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2018-ലെ കത്തും (SRG 1229/18) CC/416/18)**

***പ്രോ.നം. 106/19*** ***അടങ്കൽ 10,95,000/- രൂപ***
***(വികസനഫണ്ട് 6,39,000/- രൂപ***
***ബ്ലോക്ക് വിഹിതം 3,56,000/- രൂപ***
***സംഭാവന 1,00,000/- രൂപ)***

***പേര് :- വൃദ്ധ പരിപാലന കേന്ദ്രങ്ങളിൽ ഭക്ഷണം***

പഞ്ചായത്തിലെ നാല് പകൽ വീട്ടുകളിൽ ഭക്ഷണം നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇവിടെ വൃദ്ധ ജനങ്ങൾ സമ്മേളിക്കുന്നത് ഉച്ചകഴിഞ്ഞ് 3.00 മണിമുതൽ വൈകിട്ട് 6.00 മണിവരെയാണ്. മാർഗ്ഗരേഖ പ്രകാരം ഇവർക്ക് ഉച്ച ഭക്ഷണമാണ് നൽകാവുന്നത്. ഇവർക്ക് വൈകുന്നേരങ്ങളിൽ ചായയും ലഘു ഭക്ഷണവും നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ലഘു ഭക്ഷണത്തിന് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിരക്ക് സഹിതം സമർപ്പിക്കണം. പിന്നീട് പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.8 കിഴരിയൂർ ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.12.2018-ലെ കത്ത് (SRG 1232/18) CC/360/18)**

***പ്രോ.നം 121/19 — അടങ്കൽ 7,33,280/-***

***പേര് - ലൈഫ് ഭവന പൂർത്തീകരണം (എസ്.സി)***

പഞ്ചായത്തിൽ 2000-01-ൽ ഭാഗികമായി ആനുകൂല്യം ലഭിച്ചതും എന്നാൽ വീട് നിർമ്മാണം പൂർത്തിയാക്കാത്തതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട രണ്ടുപേർക്ക് ധനസഹായം നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ലൈഫ് മാനദണ്ഡ പ്രകാരം നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.9 കുമ്പളം ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.12.2018-ലെ കത്ത്(SRG 1177/18) CC/518/18)**

***പ്രോ.നം 63/19 — അടങ്കൽ 4,00,000/- രൂപ***
***(വികസനഫണ്ട് 2,00,000/- രൂപ***
***ഗുണഭോക്തൃ വിഹിതം 2,00,000/- രൂപ)***

***പേര് - മത്സ്യബന്ധനത്തിനുള്ള വല***

മത്സ്യ ബന്ധനത്തിന് വല നൽകുന്നതിന് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം രജിസ്റ്റേഡ് വള്ളങ്ങളുടെ ഉടമസ്ഥർക്കാണ് വല നൽകാവുന്നത്. പഞ്ചായത്തിൽ രജിസ്റ്റേഡ് വള്ള ഉടമകൾ ഇല്ല. അതിനാൽ മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാണെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യതൊഴിലാളികളാണെന്ന് ബന്ധപ്പെട്ട മത്സ്യ വികസന വകുപ്പ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമനുസരിച്ച് ധനസഹായം നൽകാൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.10 കൊല്ലം ജില്ലാ പഞ്ചായത്ത്

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.12.2018-ലെ കത്തും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.12.2018-ലെ A 13-501/18-ാം നമ്പർ കത്തും (SRG - 1233/18-CC752/18)

*പ്രോ.നം 248/19* *അടങ്കൽ 5,00,000/- രൂപ (2017-18)*
*10,00,000/- രൂപ(2018-19)*

***പേര് - ശാസ്താംകോട്ട ഹരിത തീരം***

മുകളിൽ പറഞ്ഞ പ്രോജക്ടിന് ഇതുവരെ സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. താഴെപ്പറയുന്നവയാണ് പ്രോജക്ടിലെ ഘടകം

(1) ശാസ്താംകോട്ട തടാക തീരത്ത് തട്ട് തിരിച്ച് നിലം ഒരുക്കി കയർ ഭൂവസ്ത്രം വിരിച്ച് ഫലവൃക്ഷതൈകൾ വച്ച് പിടിപ്പിക്കുക
(2) തടാക തീരത്ത് മണ്ണ് ബണ്ട് നിർമ്മിച്ച് കയർ ഭൂവസ്ത്രം വിരിക്കുക
(3) ഗള്ളികളിൽ കമ്പിവല ഉപയോഗിച്ച് ചെറു ചെക്ക് ഡാമുകൾ നിർമ്മിച്ച് ചുറ്റും ഈറ തുടങ്ങിയവ വച്ച് പിടിപ്പിക്കുക

ഇതിന് സാങ്കേതികാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 1) വെറ്റിംഗ്, സാങ്കേതികാനുമതി ഇവ നൽകേണ്ടത് മണ്ണ് പരിവേഷണ മണ്ണ് സംരക്ഷണ ഡയറക്ടറാണ്. ഇതിന്മേൽ 10 ദിവസത്തിനകം നടപടി സ്വീകരിക്കാൻ ഡയറക്ടറോട് നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് കോഓർഡിനേഷൻ കമ്മിറ്റിക്കുവേണ്ടി തുടർനടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

2) ഈ പ്രോജക്ട് MGNREGS മായി ബന്ധപ്പെടുത്തി ചെയ്യുന്നതിന്റെ സാധ്യതയും പരിഗണിക്കണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**
**3)മണ്ണ് പരിശോധന മണ്ണ് സംരക്ഷണ ഡയറക്ടർ**

4.11 കൊല്ലം ജില്ലാ പഞ്ചായത്ത്

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.12.2018-ലെ കത്തും കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.12.2018-ലെ *A13-235/18-ാം നമ്പർ കത്തും.(SRG 1234/18 CC/751/18)*

*പ്രോ.നം 141/18* *അടങ്കൽ 8,00,000/- രൂപ (2017-18)*
*അടങ്കൽ 5,00,000/- രൂപ (2018-19)*

***പേര്:- കണ്ടലഴക്***

ജില്ലാ പഞ്ചായത്തിന്റെ 'കണ്ടലഴക്' എന്ന പ്രോജക്ടിന് ഇതുവരെ സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. കൊല്ലം കോർപ്പറേഷൻ പരിധിയിലും 13 ഗ്രാമപഞ്ചായത്ത് പരിധിയിലുമായി വ്യാപിച്ച് കിടക്കുന്ന അഷ്ടമുടി കായൽ പ്രദേശത്ത് കണ്ടൽ തൈകൾ വച്ച് പിടിപ്പിക്കുന്നതിനാണ് പ്രോജക്ട്. ഇതിന് സാങ്കേതി കാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 1) വെറ്റിംഗ്, സാങ്കേതികാനുമതി ഇവ നൽകേണ്ടത് മണ്ണ് പരിവേഷണ മണ്ണ് സംരക്ഷണ ഡയറക്ടറാണ്. ഇതിന്മേൽ 10 ദിവസത്തിനകം നടപടി സ്വീകരിക്കാൻ ഡയറക്ടറോട് നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് കോഓർഡിനേഷൻ കമ്മിറ്റിക്കുവേണ്ടി തുടർനടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

2) ഈ പ്രോജക്റ്റ് MGNREGS മായി ബന്ധപ്പെടുത്തി ചെയ്യുന്നതിന്റെ സാധ്യതയും പരിഗണിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) മണ്ണ് പരിവേഷണ മണ്ണുസംരക്ഷണ ഡയറക്ടർ**

## 4.12 വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്

**വെളിനല്ലൂർ ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 12.11.2018 ലെ A3/-7414/18-ാം നമ്പർ കത്തും CCയുടെ 27.09.18 ലെ 4.18-ാം തീരുമാനവും(LSGD-DB2/347/2018-LSGD) (SRG 1203/18)**

***പ്രോ.നം 39/19 അടങ്കൽ 12,00,000/- ലക്ഷം രൂപ***

***പേര് – സർക്കാർ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം***

സർക്കാർ സ്കൂളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനായുള്ള പ്രോജക്ട് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളോടനുബന്ധിച്ചിട്ടുള്ള പ്രീ-പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകാനുള്ള അനുമതി കോർഡിനേഷൻ കമ്മിറ്റിയുടെ 27.09.18ലെ യോഗത്തിൽ പരിഗണിച്ചിരുന്നു. പ്രീ-പ്രൈമറി സ്കൂളുകളുടെ എണ്ണം, സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ സഹിതം നൽകാൻ യോഗം നിർദ്ദേശിച്ചിരുന്നു. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | |
|---|---|---|---|---|
| | | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
| 1 | ഗവ.എൽ.പി.എസ്, നെട്ടയം | 19 | 23 | 42 |
| 2 | ഗവ.യു.പി.എസ്, കരങ്ങന്നൂർ | 21 | 19 | 40 |
| 3 | ഗവ.എൽ.പി.എസ്, ചെറിയ വെളിനല്ലൂർ | 42 | 40 | 82 |
| 4 | ഗവ.എൽ.പി.എസ്, ഉഗ്രംകുന്ന് | 09 | 09 | 18 |
| 5 | ഗവ.എൽ.പി.എസ്, വെളിനല്ലൂർ | 31 | 35 | 66 |
| | **ആകെ** | **122** | **126** | **248** |

ഈ കുട്ടികൾക്കു കൂടി പ്രഭാത ഭക്ഷണം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.13 ചോറോട് ഗ്രാമപഞ്ചായത്ത്

**ചോറോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.11.17 ലെ കത്ത് (LSGD-FM2/292/2018-LSGD)**

***പ്രോ.നം 117/19 അടങ്കൽ 8,01,617/- (തനതു ഫണ്ട്)***

***പേര് – ചോറോട് റെയിൽവേ സെന്റേജ് ചാർജ്ജ് അടയ്ക്കൽ***

പഞ്ചായത്തിൽ മൂന്നുവാർഡുകളിലായുള്ളവർക്ക് പ്രയോജനം ലഭിക്കുന്ന വിധം പുഞ്ചിരിമിൽ റെയിൽവേ അണ്ടർപാസ് നിർമ്മിക്കാനുദ്ദേശിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം, സംസ്ഥാന സർക്കാർ വിഹിതം, സംഭാവന എന്നിവയാണ് ഫണ്ട് ശ്രോതസ്സ്. 4,00,80,857/-രൂപ അടങ്കലായുള്ള പ്രൊപ്പോസലിന് റെയിൽവേ അനുമതി നൽകിയിട്ടുണ്ട്.

ഈ പ്രവർത്തിയുടെ പ്രാരംഭചിലവിനായി 8,01,617/- രൂപ നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇതു സംബന്ധിച്ച് മറ്റു വിശദാംശങ്ങൾ(കരാർ വ്യവസ്ഥകൾ, ഫണ്ടിന്റെ ലഭ്യത മുതലായവ) നൽകണം. ഇതു ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.14 ഹരിപ്പാട് മുനിസിപ്പാലിറ്റി

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2018 ലെ കത്ത് (SRG 1259/18- CC 756/18)**

അംഗനവാടി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള അധിക ഓണറേറിയമായി ആകെ 11,38,800/- രൂപ വകുപ്പിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യണമെന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്. വികസനഫണ്ട് കുറവായതിനാൽ ഈ തുക തനതുഫണ്ടിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പൊതു വിഷയം ഖണ്ഡിക 3.2 പ്രകാരമുള്ള തീരുമാനം വരുന്നതനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 4.15 മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

**വയനാട് ജില്ലാ പഞ്ചായത്ത് ഓഫീസറുടെ 27.12.2018-ലെ കത്തും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും. (SRG 1260/18 - CC764/18)**

***പ്രോ.നം 146/19 അടങ്കൽ 11,12,000//- രൂപ***
***(വികസനഫണ്ട് 10,00,000/- രൂപ***
***ഗുണഭോക്തൃ വിഹിതം 1,12,000/- രൂപ )***

***പേര് - കക്കേരി ജലസേചന പദ്ധതി മോട്ടോർ പമ്പ് ഹൗസ്***

2017-18-ലെ കക്കേരി ജലസേചന പദ്ധതിക്ക് മോട്ടോർ പമ്പ് ഹൗസ് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ഈ വർഷം സ്പിൽഓവറായി തുടരുന്നുണ്ട്. ഇതിന് 10 ശതമാനം ഗുണഭോക്തൃ വിഹിതം ഒഴിവാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഇതു പൊതു പദ്ധതിയാണോ വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള പദ്ധതിയാണോ എന്ന് പരിശോധിച്ച് കൃഷി അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.16 കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2018-ലെ കത്തും ജില്ലാ പഞ്ചായത്തിന്റെ 23.11.2018-ലെ 5(6)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG - 5/19 CC 762/18**

***പ്രോ.നം 592/19 അടങ്കൽ 2,00,000/- രൂപ (വികസനഫണ്ട് )***

***പേര് - വിഷൻ തലയാഴം - (തലയാഴം ഡിവിഷനിലെ വിവിധ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ വിദ്യാഭ്യാസം)***

ജില്ലാ പഞ്ചായത്തിന്റെ തലയാഴം ഡിവിഷനിൽ സർക്കാർ, എയ്ഡഡ് ഹൈസ്കൂളിലും ഹയർ സെക്കന്ററി സ്കൂളുകളിലും മെമ്മറി ടെക്നിക്, ലേണിംഗ് സ്കിൽ, ഇന്നവേറ്റീവ് ക്ലാസ്, പഠന ശില്പശാല, പേരന്റിംഗ് ക്ലാസ്സുകൾ എന്നിവയ്ക്ക് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചില്ല. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. ഡിവിഷൻ തലത്തിൽ ഇപ്രകാരം പ്രോജക്ട് തയ്യാറാക്കുന്ന രീതി ശരിയല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.17 വടകര ബ്ലോക്ക് പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.12.2018-ലെ കത്ത് (SRG 1264/18-CC 715/18)**

***പ്രോ.നം 74/19 അടങ്കൽ 2,00,000/- രൂപ (SCP)***

***പേര് :- 2017-18 സാമ്പത്തിക വർഷത്തെ വിദേശത്ത് പോയ പട്ടികജാതിക്കാരായവർക്ക് ധനസഹായം***

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശത്ത് തൊഴിലിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. ഗുണഭോക്താക്കളിൽ 2 പേർ 2017-18 ന് വിദേശത്ത് പോയവരാണ്. അവധിക്ക് നാട്ടിൽ വന്നിട്ട് വീണ്ടും പോയി. ഇവർക്ക് ധനസഹായം നൽകാമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ധനസഹായം നൽകാവുന്നതല്ല എന്ന് സ്പഷ്ടീകരണം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.18 കൈനകരി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2018-ലെ കത്ത്.(SRG 1266/18/CC774/18)**

കൈനകരി ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആലപ്പുഴ ജില്ലയിലെ കോസ്റ്റ് ഇൻഡക്സ് പ്രകാരമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്.

വള്ളത്തിൽ കയറ്റിയാണ് സാധന സാമഗ്രികൾ പഞ്ചായത്തിൽ എത്തിക്കുന്നത്. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം നിലവിലെ ആലപ്പുഴയുടെ കോസ്റ്റ് ഇൻഡക്സ് പ്രകാരം പ്രവൃത്തി ചെയ്യാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല. അതിനാൽ സമാന ഭൂപ്രകൃതിയുള്ള പുന്നമട കോസ്റ്റ് ഇൻഡക്സ് പ്രകാരം കൈനകരി പഞ്ചായത്തിലെ പ്രവൃത്തികൾക്ക് ഉയർന്ന നിരക്ക് അനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

## 4.19 കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.2018-ലെ കത്തും കുറുമാത്തൂർ പഞ്ചായത്ത് സെക്രട്ടറിയുടെ 23.11.2018-ലെ A2/10/18-ാം നമ്പർ കത്ത്.(SRG 1184/18 - CC676/18)**

കോക്ലിയർ ഇംപ്ലാന്റേഷന് വിധേയരായ 5 ഗുണഭോക്താക്കൾ ഉണ്ട്. ഇവർക്ക് നിലവിൽ കേൾവി ഉപകരണങ്ങൾ ഉണ്ട്. ഇതിന്റെ റിപ്പയറിംഗിനായി പുതിയ ഭാഗങ്ങൾ വാങ്ങണം. കേടായ ഉപകരണത്തിനു പകരം പുതിയവ മാറ്റി വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 31.12.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം (ഖണ്ഡിക 4.41) ഈ വിഷയം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരിഗണനയിലാണ്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനം ഇതിനു ബാധകമാക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ**

## 4.20 പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.2018-ലെ കത്തും പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.08.2018ലെ A5-12029/17-ാം നമ്പർ കത്തും (SRG/1183/18 - CC /8/2018)**

പഞ്ചായത്ത് 2016-17 മുതൽ തണൽ ഭവന പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതിനായി പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ലോൺ എടുത്തിട്ടുണ്ട്. അനുവദിച്ച ലോൺ തുക ഇനിയും ലഭിക്കാനുണ്ട്. അതിനാൽ ഈ പദ്ധതി 2018-19 കാലയളവിലേയ്ക്ക് കൂടി നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ലൈഫ് പദ്ധതി നടപ്പാക്കുന്നതിനാൽ പുതിയതായി വീട് നൽകുന്നതിന് അനുമതി നിരസിച്ചു. എന്നാൽ 2016-17-ൽ ആരംഭിച്ച വീടുകളുടെ പൂർത്തീകരണത്തിന് തുക നൽകുന്നതിന് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.21 ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.12.2018-ലെ കത്ത്. (SRG - 1181/18 CC-689/18)**

***പ്രോ.നം 71/19 അടങ്കൽ 2,25,000/- രൂപ***

***പേര് - ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ***

ഹരിത കർമ്മസേനയ്ക്ക് പ്രത്യേകം സജ്ജീകരിച്ച വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകം അനുമതി നൽകുന്നു. എന്നാൽ ആവർത്തന ചെലവ് വരുമാനത്തിൽ നിന്ന് വഹിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.22 കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.12.2018-ലെ കത്തും കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 28.11.2018-ലെ D1-2450/18--ാം നമ്പർ കത്തും. കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.10.2018-ലെ 4.26-ാം നമ്പർ തീരുമാനവും (SRG 1175/18) CC/645/18)**

***പ്രോ.നം 57/19 അടങ്കൽ 1.00 കോടി രൂപ***

***പേര് - എരുമക്കയം ചെക്ക് ഡാമിന് മെക്കാനിക്കൽ ഷട്ടർ ഘടിപ്പിക്കൽ***

എരുമക്കയം ചെക്ക് ഡാമിന് മെക്കാനിക്കൽ ഷട്ടർ ഘടിപ്പിക്കുന്നതിനുള്ള പ്രവൃത്തി മൈനർ ഇറിഗേഷൻ വകുപ്പ മുഖേന ഡെപ്പോസിറ്റ് വർക്കായി ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. 31.10.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം ചെക്ക് ഡാം നിർമ്മിച്ചതിന്റെ ചെലവ്, നീളം, മെക്കാനിക്കൽ ഷട്ടർ ഘടിപ്പിക്കുന്ന തിന്റെ ആവശ്യകത തുടങ്ങിയവയടക്കം സമർപ്പിച്ചിരിക്കുന്നു. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** ധനവകുപ്പിന്റെ കൂടി അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.23 അരിക്കോട് ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.10.2018-ലെ കത്ത് (CC/287/18)**

***പ്രോ.നം 132/19 അടങ്കൽ 4,50,000/- രൂപ***

***പേര് - ബസ് സ്റ്റാന്റ് ഇൻറർലോക്കിംഗ് പൂർത്തീകരണം***

2017-18-ൽ ബസ് സ്റ്റാൻഡ് യാർഡ് ഇന്റർ ലോക്കിംഗം ഡ്രൈനേജ് നിർമ്മാണവും (പ്രോ.നം. 29/18) എന്ന പ്രവൃത്തി പൂർത്തിയാക്കി. ഫൈനൽ ബിൽ തുകയായ 21,58,882/- രൂപ നൽകി. എന്നാൽ അധികമായി കുറച്ചു പണി കൂടി ''ഇന്റർലോക്ക് പൂർത്തീകരണം'' എന്ന പേരിൽ പഴയ കരാറുകാരനെക്കൊണ്ട് ടെണ്ടർ കൂടാതെ

ചെയ്യിപ്പിച്ചു. ഇതിന്റെ തുക നൽകാൻ 2018-19-ൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നടപ്പാക്കിയ പ്രവൃത്തി ആയതിനാൽ വെറ്റിംഗ് ഓഫീസർ പരിശോധന നടത്തിയില്ല. ചെയ്ത പ്രവൃത്തിക്ക് കോഓർഡിനേഷൻ കമ്മിറ്റിയുടെ സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**4.24 അരീക്കോട് ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.10.2018-ലെ ത്ത് ( CC/288/18)**

***പ്രോ.നം 133/19*** ***അടങ്കൽ 2,00,000/- രൂപ***

***പേര് - ബസ് സ്റ്റാൻഡ് - ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റെയർകേസ് നിർമ്മാണം***

ബസ് സ്റ്റാൻഡ് യാർഡ് ഇന്റർലോക്കിംഗും ഡ്രൈനേജും എന്ന പ്രോജക്ട് 2017-18-ൽ നടപ്പാക്കി ഫൈനൽ ബിൽ തുക നൽകി ഈ പ്രവൃത്തിയുടെ കരാറുകാരനെ ക്കൊണ്ടുതന്നെ ടെണ്ടർ കൂടാതെ അധികമായി ''ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റെയർ കേസ് നിർമ്മാണം'' എന്ന പ്രവൃത്തി കൂടി ചെയ്യിപ്പിച്ചു. ഇതിന്റെ ബിൽ തുക നൽകാൻ 2018-19-ൽ 2.00 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയെങ്കിലും പ്രവൃത്തി നടപ്പാക്കിയതിനാൽ വെറ്റിംഗ് ഓഫീസർ പരിശോധിച്ചില്ല. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

**4.25 എൻമകജെ ഗ്രാമപഞ്ചായത്ത്**

**കാസറഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.11.2018-ലെ കത്ത് (SRG 678/18) CC/484/18)**

***പ്രോ.നം 45/19*** ***അടങ്കൽ 5,00,000/- രൂപ***

***പേര് - പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം***

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം എന്ന പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.26 പനങ്ങാട് ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.11.2018-ലെ കത്ത്. (SRG 1079/18 - CC - 506/18)**

***പ്രോ.നം 146/19*** ***അടങ്കൽ 44,24,480/- രൂപ***
***(CFC - 17,64,480/- രൂപ***
***ഗുണഭോക്തൃ വിഹിതം/സംഭാവന - 16,60,000/-)***
***ബാങ്ക് വായ്പ - 10,00,000/- രൂപ***

***പേര് - ക്ലീൻ പനങ്ങാട് ഗ്രീൻ പനങ്ങാട്***

പഞ്ചായത്തിലെ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായുള്ള ഈ പ്രോജക്ടിൽ 17 ഹരിത കർമ്മ സേനാംഗങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പ്രോജക്ടിൽ യൂസർ ഫീ കുറവായതിനാൽ ആറു മാസത്തേയ്ക്ക് കൂടി പദ്ധതി വിഹിതം ഉപയോഗിച്ച് വേതനം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിലേതടക്കം ഹരിത കർമ്മ സേനാംഗങ്ങൾക്ക് 6 മാസത്തേയ്ക്ക കൂടി വേതനം നൽകുന്നത് ധനവകുപ്പിന്റെ പരിഗണനയിലാണ്. ഇതിന്മേലുള്ള തീരുമാനമനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.27 **കോട്ടയം ജില്ലാ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.12.2018-ലെ കത്ത്. (CC-557/18)**

***പ്രോ.നം 624/19*** ***അടങ്കൽ 3,00,000/- രൂപ***
***(നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ്)***

***പേര് - വൈക്കം ഡിവിഷനിലെ വിവിധ സ്കൂളുകൾക്ക് ലാപ് ടോപ്പ്***

വൈക്കം ഡിവിഷനിലെ എയ്ഡഡ് സർക്കാർ മേഖലയിലെ എല്ലാ എൽ.പി., യു.പി. സ്കൂളുകൾക്കും ലാപ് ടോപ് വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച് . 4 എൽ.പി. സ്കൂളുകളിലും 2 യു.പി. സ്കൂളുകളിലുമായി 10 ലാപ് ടോപ് നൽകാനാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം :-** അനുമതി നിരസിച്ചു. ഡിവിഷൻ അടിസ്ഥാനത്തിൽ ഇങ്ങനെ പ്രോജക്ട് തയ്യാറാക്കുന്നതും അതിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നതും ശരിയായ നടപടി ക്രമമല്ല എന്ന് കോഓർഡിനേഷൻ കമ്മിറ്റി വിലയിരുത്തി. കോട്ടയം ജില്ലാ പഞ്ചായത്തിൽ ഇതുവരെ ഡിവിഷൻ തലത്തിലുള്ള നാലു പ്രോജക്ടുകൾക്ക് അംഗീകാരത്തിനു കോഓർഡിനേഷൻ കമ്മിറ്റിയിൽ വന്നിട്ടുണ്ട് . ഈ പ്രവണത ഒഴിവാക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.28 **പയ്യോളി മുനിസിപ്പാലിറ്റി**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.12.2018-ലെ കത്ത്(SRG 1191/18) CC/335/18)**

***പ്രോ.നം 52/19*** ***അടങ്കൽ 5,00,000/- രൂപ***

***പേര് - എച്ചിലാട്ട് വയൽ കനാൽ റോഡ് ടാറിംഗ്***

നഗരസഭയിലെ എച്ചിലാട്ട് വയൽ കനാൽ റോഡ് ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലാണ്. ഈ റോഡ് ടാറിംഗ് നടത്താൻ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ധനവകുപ്പിന്റെ കൂടി അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.29 അയ്മനം ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.12.2018-ലെ കത്ത് (2 പ്രോജക്ട്) (SRG 1193/18) CC/624/18)**

***പ്രോ.നം 93/19*** ***അടങ്കൽ 45,32,000/- രൂപ***

***(ജില്ലാ പഞ്ചായത്ത് 30,00,000/- രൂപ***

***ബ്ലോക്ക് പഞ്ചായത്ത് 10,00,000/- രൂപ***

***തനത്ഫണ്ട് 1,20,000/- രൂപ***

***ഗുണഭോക്തൃ വിഹിതം 4,12,000/- രൂപ)***

***പ്രോ.നം. 216/19(സ്പിൽ ഓവർ)*** ***ആകെ അടങ്കൽ 31,02,400/- രൂപ***

***പേര് -കിണർ റീ ചാർജ്ജിംഗ്***

പഞ്ചായത്തിലെ എല്ലാ വീട്ടുകളിലേയും കിണർ റീ ചാർജ്ജ് ചെയ്യാൻ ഉദ്ദേശിക്കുന്നു. ആദ്യഘട്ടമായി 2 വാർഡുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. മാർഗ്ഗരേഖ പ്രകാരം പഞ്ചായത്തിൽ നിന്നു ധനസഹായം നൽകുന്നത് പൊതു വിഭാഗത്തിന് 2.00 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് 3.00 ലക്ഷം രൂപയുമാണ് വരുമാന പരിധി. പൊതു വിഭാഗത്തിന്റെ 2.00 ലക്ഷം രൂപ എന്ന പരിധി ഒഴിവാക്കി തരണമെന്നത് സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.30 അരുക്കുറ്റി ഗ്രാമപഞ്ചായത്ത്**

**അരുക്കുറ്റി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.01.2019-ലെ കത്തും 04.01.2019-ലെ 3(2)-ാം നമ്പർ ഭരണസമിതി തീരുമാനവും**

ലൈഫ് ഭവന പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീ. മോഹനൻ, കൊച്ചുകണ്ണം പറമ്പ് എന്നയാൾ ഉൾപ്പെട്ടിരുന്നു. ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ലഭിച്ച ആദ്യ ഗഡു ഉപയോഗിച്ച് ഫൗണ്ടേഷൻ മാത്രം കെട്ടി. പഞ്ചായത്ത് അനുവദിക്കാൻ നിശ്ചയിച്ചിരുന്ന 1,20,000/- രൂപ ഉപയോഗിച്ച് പണി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കി. ശ്രീ. മോഹനൻ സെപ്റ്റംബറിൽ മരണപ്പെട്ടു. ഇയാളുടെ ഭാര്യ വീട് പൂർത്തീകരണത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. ഈ ഗുണഭോക്താവിന് 4.00 ലക്ഷം രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ചു.

**തീരുമാനം :-** ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം നേരത്തെ നൽകിയ തുക ലൈഫ് നിരക്കായ 4.00 ലക്ഷം രൂപയിൽ നിന്നു കുറച്ചു ബാക്കി തുക നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.31 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കുറിപ്പ്

കുടുംബശ്രീയുടെ നേതൃത്വത്തിൽ 110 ഗ്രാമപഞ്ചായത്തുകളിലും 15 നഗരസഭകളിലുമായി 265 ഗൃഹ നിർമ്മാണ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവർക്ക് ലൈഫ്, പി.എം.എ.വൈ മുതലായ സർക്കാർ ഭവന പദ്ധതി പ്രകാരമുള്ള ഗൃഹ നിർമ്മാണങ്ങൾ നേരിട്ടു നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** സർക്കാർ ഭവന പദ്ധതിയിൽ (ഉദാ. ലൈഫ്, പി.എം.എ.വൈ, ആശ്രയ) ഉൾപ്പെട്ട ഭവനങ്ങളുടെ നിർമ്മാണത്തിന് അംഗീകാരം ലഭിച്ച ഗുണഭോക്താക്കൾക്ക് നേരിട്ട് ഭവനങ്ങൾ നിർമ്മിച്ച് പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിലോ ഗുണഭോക്താക്കൾ, കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകൾ മുഖാന്തിരം നിർമ്മിക്കാൻ താൽപര്യപ്പെടുന്ന സാഹചര്യത്തിലോ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വീടുകളുടെ നിർമ്മാണ ചുമതല കുടുംബശ്രീ നിർമ്മാണ ഗ്രൂപ്പുകളെ ടെണ്ടർ കൂടാതെ ഏൽപ്പിക്കാവുന്നതാണ്. ലൈഫ് മാനദണ്ഡപ്രകാരം ഗഡുക്കൾ കൈമാറുന്നതു സംബന്ധിച്ച് തീരുമാനം പിന്നീട് അറിയിക്കുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി ) വകുപ്പ്**

(യോഗം വൈകിട്ട് 4.15-ന് അവസാനിച്ചു)

************

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 ഡോ.കെ.എൻ.ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3 പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
4 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5 ഡയറക്ടർ, നഗരകാര്യ വകുപ്പ്
6 ഗ്രാമവികസന കമ്മീഷണർ (പ്രതിനിധി)
7 ഡയറക്ടർ, കില
8 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
9 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് (പ്രതിനിധി)
10 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
11 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം(പ്രതിനിധി)
12 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
13 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
14 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എ (പ്രതിനിധി)
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ(പ്രതിനിധി)
16 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ